# എം.എം.എ.എൽ.പി. സ്കൂൾ
# ചെലൂർ

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ആമുഖം

എം.എം. എ.എൽ. പി. സ്കൂൾ ചെലൂരിന്റെ സകൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു. സ്കൂളിന്റെ കാഴ്ചപ്പാട് ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക, പാഠ്യേതര മേഖലയിലെ വിശദമായ പ്രവർത്തന പദ്ധതികൾ ഈ രേഖയിൽ പ്രതിപാദിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പി ക്കുന്നതിനും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കു ന്നതിനും ആത്യന്തികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങ ളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സജീവമായ പി.ടി.എ, എം.ടി.എ അർപ്പണ ബോധമുള്ള അധ്യാപക സംഘം, പിന്തുണ നൽകുന്ന രക്ഷിതാക്കൾ, വിശാലമായ പൊതുസമൂഹം എന്നിവയുടെ സജീവ സഹകരണത്തോടെയാണ് ഈ തന്ത്രപരമായ രേഖ തയ്യാറാക്കിയിരിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

എം.എം. എ.എൽ.പി. സ്കൂൾ ചെലൂരിന്റെ പ്രധാന ഭരണപരവും ബന്ധപ്പെടാനുള്ള വിവരങ്ങളും താഴെ നൽകുന്നു.

| വിഭാഗം | വിവരങ്ങൾ |
|---|---|
| സ്കൂളിന്റെ പേര് | എം.എം.എ. എൽ. പി. സ്കൂൾ |
| ഫോൺ | 904808 2208 |
| സ്കൂൾ കോഡ് | 19305 |
| വിദ്യാഭ്യാസ ഉപജില്ല | കുറ്റിപ്പുറം |
| വിദ്യാഭ്യാസ ജില്ല | തിരൂർ |
| ബി. ആർ. സി | കരിപ്പോൾ |
| സി. ആർ. സി | ആതവനാട് |
| ഗ്രാമപഞ്ചായത്ത് | ആതവനാട് |
| ബ്ലോക്ക് പഞ്ചായത്ത് | കുറ്റിപ്പുറം. |
| ജില്ലാപഞ്ചായത്ത് | മലപ്പുറം |
| നിയമസഭാമണ്ഡലം | തിരൂർ |
| ലോകസഭാമണ്ഡലം | പൊന്നാനി |
| താലൂക്ക് | തിരൂർ |
| വില്ലേജ് | കുറുമ്പത്തൂർ |
| ഇമെയിൽ | ചെലൂർ സ്കൂൾ@ജി.മെയിൽ.കോം. |
| ഇൻസ്റ്റഗ്രാം | |

## മലയാളം

**ലക്ഷ്യം: ഭാഷാപരമായ മികവ്**

- ഭാഷാ വികസത്തിനായുള്ള പൊതുലക്ഷ്യങ്ങൾ, എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക്അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക എന്നിവയാണ്.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും, സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും, ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.
- മികച്ച വായനാശിലം വളർത്തുക വന്നത് ഒരു പ്രധാന ലക്ഷ്യമാണ്, ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു.

## ഇംഗ്ലീഷ്

**ലക്ഷ്യം: ഭാഷാപരമായ ലക്ഷ്യം**

- ഇഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതനായി പതിപ്പ് ശിൽപശാല, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഇംഗ്ലീഷ് അസംബ്ലി, വർക്ക് ഷീറ്റുകൾ ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘുഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ആവശ്യമായ പഠനോപകരണ നിർമാണം ഗണിതമേളക്ക് കുട്ടികളെ ഒരുക്കൽ , സ്കൂൾതല ഗണിതമേള, ഗണിതക്ലബ്ബ്

## ഐ.സി.ടി

- വിവര സാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്ര്യമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## എൽ.എസ്.എസ്. പരിശീലനം

- വർഷാരംഭം മുതൽ നാലാം തരത്തിലെ മികച്ച കുട്ടികൾക്ക് പ്രത്യേക പരിശിലന ക്ലാസ്സ്, മാതൃകാ പരീക്ഷകൾ, വർക്ക് ഷീറ്റുകൾ

## പരിസര പഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക.
- ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## ബാലസഭ

- കലാപഠനത്തിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ചയും ബാലസഭ, സ്കൂൾ കലോത്സവത്തിനായി പ്രത്യേക പരിപരിശീലനം, സ്കൂൾ വാർഷികത്തിനായുള്ള തയ്യാറെടുപ്പ്.

## പ്രത്യേക പരിഗണ അർഹിക്കുന്നവർ

- ഭിന്നശേഷിക്കാരായുള്ള വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ, വർക്ക്ഷീറ്റുകൾ, വൈദ്യപരിശോധന, ആവശ്യകരമായ ഉപകരണങ്ങൾ.

## പൊതുവിജ്ഞാനം

- അസംബ്ലിയിൽ വാർത്താവതരണം, പ്രതിവാര ക്വിസ് മത്സരം, ഉത്തരപ്പെട്ടി, ന്യൂസ് ബോർഡ്, ദിനാചരണങ്ങളുടെ ഭാഗമായി എല്ലാ ക്ലാസുകളിലും ക്വിസ് മത്സരം

## ജൈവോദ്യാനം പച്ചക്കറി കൃഷി

- ജൈവ വൈവിധ്യ ഉദ്യാനം വികസനവും പരിശീലനവും, കൃഷിയിൽ കുട്ടികളുടെ പങ്കാളിത്തം

ഭാഷ

# പ്രവർത്തനങ്ങൾ - 1 & 2

## മലയാളം

- **അക്ഷരമരം :** അക്ഷരം എഴുതിയ മരം ക്ലാസിൽ
- **എന്റെ പിറന്നാൾ പുസ്തകം :** ക്ലാസിൽ ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.
- **അക്ഷരക്കിറ്റ് :** ഓരോ കുട്ടിക്കും അക്ഷരങ്ങൾ, ചിഹ്നങ്ങൾ എഴുതിയ കാർഡ്, ചിത്രം പേര് ഇവ ഉൾപ്പടെ
- **രചനോത്സവം :** കഥാ ചിത്രങ്ങൾ, വാക്യകാർഡുകൾ ഉൾപ്പെടുത്തിയ കിറ്റ്, കഥ പൂർത്തിയാക്കൽ, കവിത പൂർത്തിയാക്കൽ
- **പാട്ടരങ്ങ് :** കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം
- **പതിപ്പുകൾ :** യൂണിറ്റിലെ ഓരോ തീമുമായി ബന്ധപ്പെടുത്തിയ സൃഷ്ടികൾ
- **സചിത്ര സംയുക്ത ഡയറി :** അതാത് ദിവസത്തെ വിശേഷങ്ങൾ വീട്ടിൽ നിന്ന് അമ്മയുടെ സഹായത്തോടെ കുട്ടിയുടെ ആശയത്തിൽ ചിത്ര സഹിതം ഡയറി എഴുതുന്നു.
- **ഭാഷോത്സവം :** കഥപറയൽ, കവിതാ പാരായണം എന്നിവയിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം

## ഇംഗ്ലീഷ്

- **Reading Card Workshop :** രക്ഷിതാക്കളെ പങ്കാളിത്തത്തോടെ ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കുന്നു.
- Word Game - Word Web
- **മാച്ചിംഗ് കാർഡ് നിർമ്മാണം**
- **ഭാഷാ കേളികൾ :** Flowers, Vegetables, Animals, Birds, Vehicles
- **Class Library**
- New Word, Spoken English
- **Easy English :** പക്ഷികൾ, മൃഗങ്ങൾ Etc. പേര് ഉൾപ്പെടുത്തിയ പുസ്തകം,
- മികച്ചസൃഷ്ടികളുടെ പ്രദർശനം
- **English Corner**

## പരിസരപഠനം

- **തൊട്ടറിയാം മണത്തറിയാം :** പഞ്ചേന്ദ്രിയ വികസനം (പച്ചക്കറി, പഴങ്ങൾ)
- **പരീക്ഷിക്കാം.. അറിയാം :** വിവിധ വസ്തുക്കൾ ജലത്തിൽ മുങ്ങുന്നതും പൊങ്ങുന്നതും അലിയുന്നതും അലിയാത്തതും
- **പ്രകൃതി നടത്തം :** ചുറ്റുപാടുമുള്ള വസ്തുക്കളെക്കുറിച്ച് സംസാരിക്കൽ നിരീക്ഷിക്കൽ (പൂക്കൾ, ചെടികൾ, മരങ്ങൾ)
- **പരീക്ഷണോത്സവം :** ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾ അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിന്റെ ലക്ഷ്യം
- **ജീവികളെ പരിചയപ്പെടൽ :** ചുറ്റുപാടുമുള്ളവ നേരിട്ടുകാണൽ ചിത്രത്തിലൂടെ പരിചയപ്പെടൽ, ICT (മൃഗങ്ങളുടെ ശബ്ദങ്ങൾ - കേൾക്കൽ, അനുകരിക്കൽ)
- **ശുചിത്വശീലങ്ങൾ :** വ്യക്തി ശുചിത്വം, നല്ല ആരോഗ്യ ശീലങ്ങൾ, നല്ല ആഹാരശീലങ്ങൾ, പരിസര ശുചിത്വം, വീട്, സ്കൂൾ പരിസര ശുചീകരണം, കുട്ടികളുടെ പങ്കാളിത്തം
- **അറിയാം നമ്മുടെ ജലസ്രോതസ്സുകൾ :** കുളം കിണർ, തോട്, സന്ദർശനം, ജലസംരക്ഷണത്തിന്റെ പ്രാധാന്യം
- **പോസ്റ്റർ :** ജലസംരക്ഷണം, ബോധവത്കരണം, ജല മലിനീകരണം - മലിനീകരണം മൂലം രോഗങ്ങൾ - മലിനീകരണം തടയുന്ന പോസ്റ്ററുകൾ

## ഗണിതം

- **രൂപങ്ങൾ നിർമ്മിക്കാം :** കടലാസ്, കാർഡ്, ഈർക്കിൾ ഇവ ഉപയോഗിച്ചുള്ളവ
- **ഗണിതമൂല :** ഗണിതമൂലകൾ ക്രമീകരിക്കൽ (അബാക്കസ്, ചിത്രപാറ്റേൺ, സംഖ്യാ പാറ്റേൺ, മഞ്ചാടി, കളിനോട്ട്, നാണയങ്ങൾ, കാർഡുകൾ തുടങ്ങിയവ)
- **ഗണിതകേളികൾ :** കുളം കര, ഒറ്റ ഇരട്ട , ഏണിയും പാമ്പും, ഠോ കളി,
- **ഗണിത ശിൽപ്പശാല :** എല്ലാ യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി, വർക്ക്ഷീറ്റ് തയ്യാറാക്കൽ, പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്തു രക്ഷിതാക്കളുടെ സഹായത്തോടെ ഒരുക്കുന്നു.
- **ഗണിതലാബ് (ഗണിതം മധുരം) :** കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ

# പ്രവർത്തനങ്ങൾ - 3 & 4

## ഭാഷ

- **പുസ്തകം എന്റെ ചങ്ങാതി :** പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു.
- **അക്ഷരക്കൂട്ടം (വായനാകോർണർ) :** ഒഴിവ് സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.
- **സ്കൂൾ ലൈബ്രറി :** സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ
- **ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ :** ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ
- **എന്റെ വായനാകുറിപ്പുകൾ :** വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ
- **സർഗ്ഗവേള :** പുസ്തകങ്ങളെ കുറിച്ചുള്ള വായനാകുറിപ്പ് അവതരണം
- പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
- **റീഡേഴ്സ് തിയേറ്റർ :** കഥാനായകർ, സംഭാഷണ ശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് വായന നടത്തുന്നു.

## ഇംഗ്ലീഷ്

- **ഇംഗ്ലീഷ് അസംബ്ലി :** ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.
- **ഇംഗ്ലീഷ് ബുള്ളറ്റിൻ :** ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.
- **Reading Card Workshop :** രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കുന്നു.
- **Worksheep Workshop :** ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് വേണ്ടി അധ്യാപകരുടെ നേതൃത്വത്തിൽ വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.
- **Collections Rhymes and Stories**
- **Spoken English Class**
- **English Quiz :** മാസത്തിൽ ഒരിക്കൽ
- ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ

## പരിസരപഠനം

- **ശാസ്ത്ര പഠനോപകരണ ശിൽപശാല :** ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശിൽപശാലകൾ സംഘടിപ്പിക്കുന്നു.
- **എന്റെ പരീക്ഷണം :** പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നിതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ
- **പരീക്ഷണ കിറ്റ് :** മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുകന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ.
- **പരീക്ഷണോത്സവം :** ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾ അതിൽ പങ്കാളികളാകുന്നതിനും പരീക്ഷണോത്സവം നടത്തുന്നു.
- **പ്രാദേശിക അറിവ് :** നാടിന്റെ ചരിത്രം തേടി പ്രദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.
- **ഫീൽഡ് ട്രിപ്പ് :** പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു.
- **കലകളെ അടുത്തറിയാം :** നാടൻ കലകൾ, ശാസ്ത്രീയ കലകൾ പട്ടികപ്പെടുത്തൽ
- **പരിസരനടത്തം :** ജലസ്രോതസ്സുകൾ, സന്ദർശിക്കൽ, ജീവികളെ തരംതിരിക്കൽ
- **ശ്രദ്ധിക്കാം അപകടം കുറക്കാം :** റോഡ് നിയമങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കൽ, റോഡ്‌യാത്ര, കളിവണ്ടി, - സിഗ്നൽ ഉപയോഗിച്ച് ട്രാഫിക് പോലീസ്, റോൾപ്ലേ

## ഗണിതം

- **ഗണിത വർക്ക്ഷീറ്റ് ശിൽപശാല :** എല്ലാ ക്ലാസിലെയും യൂണിറ്റിലെ പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കുന്നു.
- **ഗണിതം മധുരം :** എല്ലാ ആഴ്ചയിലും ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു.
- **ഗണിതമൂല :** മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കുന്നു. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ മുതലായവ)
- **യൂണിറ്റ് ടെസ്റ്റ് :** ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പ് വരുത്തുന്നു.
- **ഗണിത ക്ലാസ് പി.ടി.എ. :** ക്ലാസ് പി.ടി.എ. ശാക്തീകരണം ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ ഹോം വർക്ക് പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാസംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു.
- **ഗണിതം മധുരം - ഗണിതകേളി :** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ശിൽപശാലകൾ സംഘടിപ്പിക്കൽ

| പ്രവർത്തനങ്ങൾ | കാലം/മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പഠനവീട്<br>ഗൃഹസന്ദർശനം,<br>കുട്ടിയെ അറിയുക. | ഏപ്രിൽ | അധ്യാപകൻ,<br>എസ്.എം.സി.,<br>എസ്.എസ്.ജി. | |
| എസ്.ആർ.ജി. യോഗം<br>ദിനാചരണക്കലണ്ടർ<br>പഠനോപകരണ നിർമ്മാണ ക്യാമ്പ്<br>വിഭവ ഡയറക്ടറി നിർമ്മാണം | മെയ് | എസ്.എം.സി.<br>അധ്യാപകർ<br>രക്ഷിതാക്കൾ | |
| പ്രവേശനോത്സവം<br>പ്രീ ടെസ്റ്റ് പരിഹാരബോധനം<br>ക്ലബ്ബുകളുടെ രൂപീകരണം<br>എസ്.എം.സി. യോഗം | ജൂൺ | | |
| ക്ലാസ് ലൈബ്രറി ഒരുക്കൽ<br>വായനാവാരാചരണം<br>കഥ- കവിത-ചിത്ര ശിൽപശാല<br>ജൈവവൈവിധ്യോദ്യാനം | ജൂൺ | അധ്യാപകൻ,<br>രക്ഷിതാക്കൾ,<br>എസ്.എസ്.ജി. | |
| ബാലസഭാ പ്രവർത്തനോദ്ഘാടനം | ജൂലൈ | അധ്യാപകർ | |
| പച്ചക്കറി ഔഷധത്തോട്ടം<br>നിർമ്മാണം | | പി.ടി.എ., എം.പി.ടി.എ.<br>കൃഷിവകുപ്പ് | |
| LSS പരിശീലന പരിപാടിയുടെ<br>തുടക്കം | | അധ്യാപകർ | |
| ക്ലാസ് പി.ടി.എ. | | അധ്യാപകർ | |
| ഇംഗ്ലീഷ് അസംബ്ലി | | അധ്യാപകർ | |
| **Sweet English Prgrammes** | | എസ്.എസ്.ജി. | |
| കലാ-കായിക- ശാസ്ത്ര പ്രവൃത്തി<br>പരിചയ മേളകൾക്കുള്ള പരിശീലനം | | എസ്.എസ്.ജി.<br>അധ്യാപകർ | |

| പ്രവർത്തനങ്ങൾ | കാലം/മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ദിനാചരണങ്ങൾ<br>സർഗോത്സവം | ആഗസ്റ്റ് | അധ്യാപകർ | |
| ഓണാഘോഷം,<br>പതിപ്പ് നിർമ്മാണം, പ്രകാശനം | ആഗസ്റ്റ് | എസ്.എസ്.ജി,<br>റിസോഴ്സ് പേഴ്സൺ | 1000/- |
| ക്ലാസ് പി.ടി.എ. | ആഗസ്റ്റ് | അധ്യാപകർ | |
| ആരോഗ്യബോധവത്കരണ<br>ക്ലാസ് | ആഗസ്റ്റ് | ആരോഗ്യവകുപ്പ് | |
| അടിസ്ഥാന ശേഷി പരിശോധന | സെപ്തംബർ | അധ്യാപകർ | |
| പരിഹാരബോധനം | | | |
| ഫീൽഡ് ട്രിപ്പ് | സെപ്തംബർ | എസ്.എം.സി.,<br>എസ്.ആർ.ജി. | 1000/- |
| മാസ്ഡ്രിൽ | സെപ്തംബർ | അധ്യാപകർ | |
| ദിനാചരണപ്രവർത്തനങ്ങൾ | സെപ്തംബർ | | |
| ഒറിഗാമി, പ്രവൃത്തിപരിചയ<br>ശിൽപ്പശാല | സെപ്തംബർ | എസ്.എസ്.ജി.,/<br>റിസോഴ്സ് പേഴ്സൺ | 3000/- |
| രക്ഷാകർതൃ<br>ബോധവ്തകരണക്ലാസ് | സെപ്തംബർ | അധ്യാപകർ | |
| അഭിനയക്കളരി,<br>സ്കിറ്റ്, നാടക പരിശീലനം | ഒക്ടോബർ | എസ്.എസ്.ജി. | 2000/- |
| ദിനാചരണം - ഗാന്ധിജയന്തി | ഒക്ടോബർ | അധ്യാപകർ | |
| പ്രശ്നോത്തരി | ഒക്ടോബർ | | |
| | | | |

| പ്രവർത്തനങ്ങൾ | കാലം/മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|
| എയ്റോബിക് പരിശീലനം | നവംബർ | അധ്യാപകർ | |
| LSS മാതൃക പരീക്ഷ | നവംബർ | അധ്യാപകർ | |
| ക്ലാസ് ലൈബ്രറി വിപുലീകരണം | നവംബർ | അധ്യാപകർ | |
| ഗണിതം മധുരം ക്യാമ്പ് | നവംബർ | എസ്.എസ്.ജി, റിസോഴ്സ് പേഴ്സൺ | |
| ക്രിസ്തുമസ് ആഘോഷം | ഡിസംബർ | അധ്യാപകർ | 1000/- |
| അടിസ്ഥാനശേഷി പരിശോധന | ഡിസംബർ | | |
| പരിഹാരബോധനം | | | |
| പുതുവത്സരാഘോഷം | ജനുവരി | SMC, SRG SSG/ റിസോഴ്സ് പേഴ്സൺ അധ്യാപകൻ | 1000/-<br>2000/-<br>500/- |
| സ്കൂൾ മാഗസിൻ | | | |
| പൂർവ്വ വിദ്യാർത്ഥി സംഗമം | ജനുവരി | പി.ടി.എ | 1000/- |
| LSS തീവ്രപരിശീലനം | ജനുവരി | അധ്യാപകർ | |
| പച്ചക്കറി വിളവെടുപ്പുത്സവം | ഫെബ്രുവരി | അധ്യാപകർ, രക്ഷിതാക്കൾ | |
| ശാസ്ത്രപരീക്ഷണക്കളരി | ഫെബ്രുവരി | എസ്.എസ്.ജി.,/ റിസോഴ്സ് പേഴ്സൺ | 2000/- |
| വാർഷികാഘോഷം | മാർച്ച് | അധ്യാപകർ, പി.ടി.എ., എം.പി.ടി.എ. | |
| വാർഷിക മികവ് എൽ.സി.ഡി. പ്രദർശനം | മാർച്ച് | അധ്യാപകർ | |

# ഉപസംഹാരം

വിദ്യാലയ മികവ് എന്തുകൊണ്ട് ലക്ഷ്യമിടുന്നത് അക്കാദമിക മികവ് തന്നെയാണ്. കുട്ടി നേടേണ്ട പഠനനേട്ടങ്ങളോടൊപ്പം സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ നമുക്കിത് പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കുകയുള്ളൂ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള മാർഗ്ഗരേഖ പൊതു സമൂഹത്തിന് മുമ്പിൽ സമർപ്പിക്കുന്നു.